## പ്രധാനവാർത്തകൾ

1. മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇന്ത്യയിൽ തിരിച്ചെത്തും.

2. സംസ്ഥാനത്തെ 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

3. രാജ്യത്ത് ആദ്യമായി കേരളത്തിൽ ആംബുലൻസുകൾക്ക് മിനിമം നിരക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചെന്ന് മന്ത്രി ഗണേഷ്കുമാർ

4. പാലക്കാട് സ്മാർട് സിറ്റിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ ഡിസംബർ മാസത്തോടെ പൂർത്തിയാക്കുമെന്ന് മന്ത്രി പി. രാജീവ്

5. മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമർപ്പിക്കാൻ തുറമുഖ വകുപ്പിന് നിർദ്ദേശം നൽകി മനുഷ്യാവകാശ കമ്മീഷൻ.

************************************************************

RNU TVPM

## പ്രധാനമന്ത്രി -അമേരിക്കൻ സന്ദർശനം

മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇന്ത്യയിൽ തിരിച്ചെത്തും. പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം വിജയകരമായിരുന്നുവെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്റി ന്യൂയോർക്കിൽ മാധ്യമങ്ങളോട് പറഞ്ഞു. വിവിധ രാഷ്ട്രതലവന്മാരുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ചയും ഫലപ്രദമായിരുന്നെന്ന് ശ്രീ വിക്രം മിസ്റി അറിയിച്ചു.

*****************************************************

## വീണാ ജോർജ്

സംസ്ഥാനത്തെ 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 11 ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് അംഗീകാരവും ഒരു ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷനുമാണ് ലഭിച്ചത്. ഇതോടെ ആകെ 187 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. സർട്ടിഫിക്കേഷനും 12 എണ്ണത്തിന് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചതായി മന്ത്രി പറഞ്ഞു.

RNU TVPM

*****************************************************

## പി. രാജീവ്

കൊച്ചി- ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ ഭാഗമായ പാലക്കാട് സ്മാർട് സിറ്റിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ ഡിസംബർ മാസത്തോടെ പൂർത്തിയാക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. പദ്ധതി പ്രദേശം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. 1710 ഏക്കറിൽ നടപ്പാക്കുന്ന പദ്ധതിക്ക് പുതുശ്ശേരി വെസ്റ്റിൽ 240 ഏക്കർ ഭൂമി മാത്രമാണ് ഇനി ഏറ്റെടുക്കാനുള്ളതെന്ന് മന്ത്രി വ്യക്തമാക്കി. നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നതിനുള്ള പദ്ധതികളാണ് പാലക്കാട് ആസൂത്രണം ചെയ്യുന്നതെന്നും അടുത്തയാഴ്ച കേന്ദ്രസംഘവും പ്രദേശം സന്ദർശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

*******************************************************

## ആംബുലൻസ്- ഗണേഷ് കുമാർ (ഇൻട്രോ)

രാജ്യത്ത് ആദ്യമായി കേരളത്തിൽ ആംബുലൻസുകൾക്ക് താരിഫ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതായി ഗതാഗത മന്ത്രി ഗണേഷ്കുമാർ. ആംബുലൻസ് ഉടമകളുടെയും തൊഴിലാളികളുടെയും സംഘടനകളുമായി പലഘട്ടങ്ങളിൽ നടത്തിയ ചർച്ചയ്ക്കൊടുവിലാണ് തീരുമാനം.

(ഹോൾഡ്)

വിവിധ കാറ്റഗറിയിലുള്ള ആംബുലൻസുകൾക്ക് മിനിമം നിരക്ക്, കിലോമീറ്റർ അനുസരിച്ചുള്ള നിരക്ക് എന്നിവയാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

*******************************************************

## വി. ശിവൻകുട്ടി

ജനകീയ സമിതികൾ രൂപീകരിച്ച് സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യമുള്ള പിന്തുണ സർക്കാർ നൽകുമെന്ന് മന്ത്രി വി. ശിവൻകുട്ടി. കരുനാഗപ്പള്ളി ബോയ്സ് ഹയർസെക്കൻഡറി ആൻഡ് ഗേൾസ് ഹൈസ്കൂളിന്റെ ബഹുനില കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിമർശനാത്മകമായി ചിന്തിക്കാനും സ്വയം നവീകരിക്കാനും യുവമനസ്സുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പാഠ്യ രീതിയാണ് വേണ്ടതെന്നും മന്ത്രി പറഞ്ഞു.

*******************************************************

## മനുഷ്യാവകാശ കമ്മീഷൻ

മുതലപ്പൊഴി അഴിമുഖത്ത് ബോട്ട് മറിഞ്ഞ് മത്സ്യത്തൊഴിലാളികൾ മരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി തുറമുഖ വകുപ്പ് സ്വീകരിച്ച നടപടികളെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തുറമുഖ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി മനുഷ്യാവകാശ കമ്മീഷൻ. ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം. പുലിമുട്ട് നിർമ്മാണത്തിലെ അപാകതകൾ കണ്ടെത്തി പരിഹാര

മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പൂനെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

****************************************************

## സിദ്ദിഖിന് ജാമ്യമില്ല

യുവനടിയെ പീഡിപ്പിച്ചെന്ന കേസിൽ മലയാള താര സംഘടനയായ A.M.M.A. മുൻ ജനറൽ സെക്രട്ടറിയും നടനുമായ സിദ്ദിഖിൻറെ മുൻകൂർ ജാമ്യഹർജി ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ, സിദ്ദിഖിനെ അറസ്റ്റ് ചെയ്യാൻ പ്രത്യേക അന്വേഷണ സംഘം ശ്രമം ആരംഭിച്ചു. സിദ്ദിഖിനെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കൊച്ചിയിലെയും പരിസരപ്രദേശങ്ങളിലെയും വിവിധ ഹോട്ടലുകൾ പോലീസ് പരിശോധിച്ചു. വിദേശത്തേക്ക് കടക്കാതിരിക്കാൻ രാജ്യത്തെ വിമാനത്താവളങ്ങളിൽ ലുക്ക് ഔട്ട് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്. അതേസമയം ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സർക്കാരിനെതിരെ ഹൈക്കോടതി നടത്തിയ പരാമർശം സംസ്ഥാന സർക്കാരിന്റെ മുഖത്തേറ്റ പ്രഹരമാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു.

RNU TVPM

****************************************************

## മുകേഷ് - ചോദ്യം ചെയ്യൽ

പീഡന കേസിൽ അന്വേഷണ സംഘത്തിന് മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരായി നടനും എം.എൽ.എ യുമായ മുകേഷ്. ഇന്ന് രാവിലെ അഭിഭാഷകനൊപ്പമാണ് മുകേഷ് കൊച്ചിയിൽ എ.ഐ.ജി- ജി.പൂങ്കുഴലിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായത്. സിനിമയിൽ അവസരവും സിനിമ സംഘടനയിൽ അംഗത്വവും വാഗ്ദാനം ചെയ്ത് പീഡനം നടത്തിയെന്ന നടിയുടെ പരാതിയിലാണ് ചോദ്യം ചെയ്യൽ. കേസിൽ മുകേഷിന് സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

****************************************************

## മുഖ്യമന്ത്രി - കണ്ണൂർ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് വിദേശ കമ്പനികൾക്ക് സർവീസ് നടത്താനുള്ള പോയിൻ്റ് ഓഫ് കോൾ പദവി താമസിയാതെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്ന തെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രധാനമന്ത്രിയുമായി ഈ വിഷയം ചർച്ചചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു കിയാലിൻറെ വാർഷിക പൊതുയോഗ ത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

****************************************************

## എംപോക്സ്

എം-പോക്സിൻ്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. യു.എ.ഇ യിൽ നിന്ന് കഴിഞ്ഞയാഴ്ച കേരളത്തിൽ എത്തി മലപ്പുറത്ത് ചികിത്സയിലുള്ള യുവാവിലാണ് വകഭേദം കണ്ടെത്തിയത്. അതേസമയം എംപോക്സ് ലക്ഷണങ്ങളോടെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിരീക്ഷണത്തിലായിരുന്ന ആളുടെ പരിശോധന ഫലം നെഗറ്റീവായി.

RNU TVPM

****************************************************

## 100 ദിനം- ഗുണഭോക്താവ്

നരേന്ദ്രമോദി സർക്കാർ മൂന്നാം തവണയും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുമ്പോൾ വിവിധ പദ്ധതികളെ കുറിച്ചുള്ള ഗുണഭോക്താക്കളുടെ പ്രതികരണങ്ങളിലേക്ക്....

കണ്ണൂർ, പിണറായി സ്വദേശിയായ സംരംഭകൻ വിനേഷ് കുമാർ ആകാശവാണി വാർത്തകളോട്

(ഹോൾഡ്)

****************************************************

## സ്വച്ഛതാ ഹി സേവ-AIR

സ്വച്ഛതാ ഹി സേവ കാമ്പയിൻറെ ഭാഗമായി സംസ്ഥാനത്ത് വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആകാശവാണി ആസ്ഥാനത്തുനടന്ന ശുചീകരണയജ്ഞത്തിൽ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കാളികളായി.ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ രണ്ടു വരെയാണ് സ്വച്ഛതാ ക്യാമ്പയിൻ.

*******************************************************

## മഴ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

*******************************************************

## ശ്രീലങ്ക- പ്രധാനമന്ത്രി

നാഷണൽ പീപ്പിൾസ് പവർ എം.പി, ഹരിണി അമരസൂര്യ ശ്രീലങ്കയുടെ പുതിയ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡന്ളൻറ് ദിസനായകെയ്ക്ക് മുമ്പാകെയാണ് അമരസൂര്യ സത്യപ്രതിജ്ഞ ചെയ്തത് . എൻപിപി പാർലമെൻ്റംഗങ്ങളായ വിജിത്ത് ഹെറാത്ത്, ലക്ഷ്മൺ നിപുൺ ആരാച്ചി എന്നിവരും കാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

*******************************************************

## തിരുവനന്തപുരം-മംഗ്ളൂരു മാവേലി എക്സ്പ്രസ്സ്

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് മംഗ്ളൂരു- തിരുവനന്തപുരം , തിരുവനന്തപുരം-മംഗ്ളൂരു മാവേലി എക്സ്പ്രസ്സുകളിൽ താൽക്കാലികമായി ഒരു എസി 3 ടയർ കോച്ചു കൂടി അനുവദിച്ചു . നവംബർ മൂന്നു വരെ ആണ് അധിക കോച്ചുകൾ ഘടിപ്പിക്കുക.

*******************************************************

PNU TVPM

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 14 പോയിൻറ് നഷ്ടത്തിൽ 84,914ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 135 പോയിൻറ് നേട്ടത്തിൽ 25,940 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 160 രൂപ വർദ്ധിച്ച് 56,000 രൂപയും ഗ്രാമിന് 20 രൂപ വർദ്ധിച്ച് 7000 രൂപയുമാണ് ഇന്നത്തെ വില.

*************************************************

## സ്വച്ഛത ഹി സേവ-തലശ്ശേരി

സ്വച്ഛത ഹി സേവ ക്യാമ്പയിൻറെ ഭാഗമായി തലശ്ശേരി നഗരസഭ പരിധിയിലുള്ള കടൽപ്പാലം, റെയിൽവേ പരിസരം എന്നിവ ശുചീകരിച്ചു. വിദ്യാത്ഥികൾ, നഗരസഭ ജീവനക്കാർ, ഹരിത കർമ്മ സേന പ്രവർത്തകർ തുടങ്ങിയവർ പങ്കാളികളായി.

*************************************************
**************
*******

RNU TVPM